


ഫാത്തിമ അൽ ഫിഹ്‌രി

**മുസ്‌ലിം സ്ത്രീകൾ വിദ്യാഭ്യാസം വിലക്കപ്പെട്ട നിരക്ഷരരാണെന്നാണ് പരക്കെയുള്ള ധാരണ. എന്നാൽ ലോകത്തിലെ ആദ്യത്തെ യൂണിവേഴ്സിറ്റി നിർമ്മിച്ചത് ഹിജാബണിഞ്ഞ മുസ്‌ലിം വനിതയായിരുന്നു. ജിജ്ഞാസയുണർത്തുന്ന ആ കഥ വായിക്കൂ.**

# ലോകത്തിലെ പ്രഥമ സർവ്വകലാശാല നിർമ്മിച്ച മുസ്‌ലിം വനിത

മുസ്‌ലീം സ്ത്രീകളെ വിദ്യാഭ്യാസത്തിൽ നിന്ന് തടയിടാൻ ചില മതയാഥാസ്ഥിതിക തീവ്രസംഘടനകൾ ശ്രമിക്കുന്നതായി പത്രങ്ങളിൽ നാം വായിക്കുന്നു. എന്നാൽ ലോകത്തിലെ ആദ്യത്തെ സർവകലാശാല തുടങ്ങിയത് ആരാണെന്ന് കൂട്ടുകാർക്കറിയാമോ? അത് ഒരു മുസ്‌ലിം വനിതയായിരുന്നു. ഫാത്തിമ അൽ ഫിഹ്‌രി എന്നായിരുന്നു അവരുടെ പേര്. സ്ഥലം മൊറോക്കോയിലെ ഫാസ് നഗരം. ഖർവിയ്യീൻ യൂണിവേഴ്സിറ്റി എന്നാണതിന്റെ പേര്.

വ്യവസ്ഥാപിതമായ പഠന പദ്ധതിയുണ്ടാക്കുകയും ഡിഗ്രികൾ സമ്മാനിക്കുകയും ചെയ്ത ലോകത്തിലെ ആദ്യ യൂണിവേഴ്സിറ്റി ഫാത്തിമ അൽ ഫിഹ്‌രിയുടെ ഖർവിയ്യീൻ യൂണിവേഴ്സിറ്റിയായിരുന്നുവെന്ന് യുനസ്കോയും ഗിന്നസ്ബുക്കും രേഖപ്പെ

▸▸അമേരിക്കയിൽ അടിമ വ്യാപാരം നിർത്തലാക്കിയത്- എബ്രഹാം ലിങ്കൺ

ടുത്തുന്നു.

അവർ ജനിച്ചത് ടുണീഷ്യയിലായിരുന്നു. ഒമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ടുണീഷ്യയിലെ ഖൈറവാനിൽ. ഫാത്തിമയും കുടുംബവും മൊറോക്കെയിലെ ഫാസിലേക്ക് കുടിയേറുകയായിരുന്നു. ഇദ്‌രീസ് രണ്ടാമൻ ആയിരുന്നു അന്നവിടെ ഭരിച്ചിരുന്നത്.

അന്ന് ഫാസ് വളരെയധികം സമ്പന്നവും പ്രശസ്തവുമായ നഗരമായിരുന്നു. ഫാസിലെ ഐശ്വര്യത്തിന്റെയും സംസ്കാരത്തിന്റെയും മഹിമകണ്ട് ധാരാളം ജനങ്ങൾ അങ്ങോട്ടു കുടിയേറികൊണ്ടിരുന്നു. ഇക്കാലത്താണ് ഫിഹ്‌രിയും അവരുടെ സഹോദരി മറിയവും ബാപ്പ മുഹമ്മദ് ബിൻ അബ്ദുല്ല ഫിഹ്‌രിയുമൊത്ത് ഫാസിലേക്ക് വരുന്നത്.

ഫാസ് നദിയുടെ ഇടതുകരയിലാണ് ഫിഹ്‌രി കുടുംബം പാർപ്പുറപ്പിച്ചത്. അവിടെ വെച്ച് ഫാത്തിമയുടെ വിവാഹം നടന്നു. ആദ്യകാലത്തെ കഷ്ടപ്പാടും പ്രതിസന്ധികളും തരണംചെയ്ത് ഫിഹ്‌രി കുടുംബം സമ്പത്തും സൗകര്യങ്ങളും നേടി. പിതാവ് അബ്ദുല്ല ഫിഹ്‌രി വലിയ വർത്തക പ്രമാണിയായി മാറി.

ഭർത്താവിന്റെയും പിതാവിന്റെയും തുടരെത്തുടരെയുണ്ടായ ദേഹവിയോഗം ഫാത്തിമയെ കുറച്ചുകാലം നിരാശയിലാഴ്ത്തി. ഇവർക്ക് കിട്ടിയ കുടുംബസ്വത്തുകൊണ്ട് അവരുടെ സഹോദരി മറിയം ഒരു പള്ളിയുണ്ടാക്കാൻ തീരുമാനിച്ചു. ഫാസിൽ അക്കാലത്തുണ്ടായിരുന്ന പള്ളികൾ ഏറെ ആളുകളെ ഉൾക്കൊള്ളാനാവാത്തവിധം വിശാലതയും സൗകര്യവും കുറഞ്ഞവയായിരുന്നു.

ഫാത്തിമയുടെ സഹോദരി സി.ഇ 859-ൽ അതിഗംഭീരമായ അന്തലൂഷ്യൻ മസ്ജിദ് പണികഴിപ്പിച്ചു. ഇതേസമയം തന്നെ ഫാത്തിമ മസ്ജിദ് അൽ ഖർവിയ്യീൻ എന്ന പള്ളിയും പണിയാൻ തീരുമാനിച്ചു. രണ്ട് വർഷമെടുത്താണ് ഇത് പൂർത്തീകരിച്ചത്. വലിയ ഭക്തയായ ഫാത്തിമ അക്കാലമത്രയും വ്രതത്തിലായിരുന്നു. പണി


മസ്ജിദ് അൽ ഖർവിയ്യീൻ

▶▶ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ചൈനീസ് പ്രധാനമന്ത്രി- ചൗ എൻ ലായ്



*ടൂറിസ്റ്റുകൾ മോസ്കിനുമുമ്പിൽ*

പൂർത്തിയായ അന്ന് ദൈവത്തിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ട് ആ മഹതി അതേ പള്ളിയിൽ വെച്ച് നമസ്കാരം നിർവഹിക്കുകയും ചെയ്തു.

ഉത്തരാഫ്രിക്കയിലെ ഏറ്റവും വലിയ പള്ളിയായിരുന്നു ഖർവിയ്യീൻ പള്ളി. ഈ മസ്ജിദിലാണ് നമ്മൾ നേരത്തെ സൂചിപ്പിച്ച ലോകത്തിലെ ആദ്യത്തെ സർവകലാശാല പിറവിയെടുത്തത്. കഴിഞ്ഞ 1200 കൊല്ലത്തിലധികമായി അതിന്റെ പ്രവർത്തനം യാതൊരു തടസ്സവുമില്ലാതെ തുടർന്നുവരുന്നു.

സി.ഇ 970ൽ സ്ഥാപിക്കപ്പെട്ട ലോക പ്രസിദ്ധ കലാലയങ്ങളായ ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിക്കും സി.ഇ 1065 സ്ഥാപിക്കപ്പെട്ട ബാഗ്ദാദിലെ നിസാമിയ യൂണിവേഴ്സിറ്റിക്കും മുമ്പേയായിരുന്നു ഈ യൂണിവേഴ്സിറ്റി ആരംഭിച്ചത്.

അക്കാലത്ത് ലോകത്തിലെ പ്രമുഖ രാജ്യങ്ങളിൽ നിന്നുള്ള പണ്ഡിതരും സാധാരണക്കാരും നിരന്തരം സന്ദർശിച്ചുകൊണ്ടിരുന്ന നഗരമായിരുന്നു ഫാസ്. ഫാത്തിമയുടെ സർവ്വകലാശാലയിൽ പഠിക്കാനും പഠിപ്പിക്കാനും നിരവധി വിജ്ഞാനപ്രേമികൾ തൽപരരായി. പ്രശസ്ത ജൂതപണ്ഡിതനായ മൈമോനേഡസ് ഇവിടെയായിരുന്ന പഠിച്ചിരുന്നത്. മാത്രമോ? ആധുനിക ചരിത്രമെഴുത്തിന് തുടക്കമിട്ട ഇബ്നുഖൽദൂനും ഇവിടെയാണ് വിദ്യാഭ്യാസം ചെയ്തത്. പ്രശസ്തനായ സൂഫി ഇബ്നുൽഅറബിയും ഈ സർവകലാശാലയുടെ സന്തതിയാണ്.

ഖുർആൻ, കർമ്മശാസ്ത്രം എന്നിവക്കൊപ്പം തന്നെ വ്യാകരണം, വൈദ്യം, ഗണിതം, ജ്യോതിശാസ്ത്രം, രസതന്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, സംഗീതം എന്നിവയും ഇവിടെ പഠിപ്പിച്ചു.

ഫാത്തിമ അൽ ഫിഹ്രി പണിത പള്ളിയും അതിനോടനുബന്ധിച്ചുള്ള യൂണിവേഴ്സിറ്റിയും പല നൂറ്റാണ്ടുകളിലൂടെ പല ഭരണാധികാരികൾ പുതുക്കുകയും വികസിപ്പിക്കുകയും ചെയ്തു. ആദ്യത്തെ വികസനം നടന്നത് സി.ഇ 956-ൽ ഉമയ്യ ഖലീഫയാ

യിരുന്ന അബ്ദുറഹ്മാൻ മൂന്നാമന്റെ മേൽനോട്ടത്തിലായിരുന്നു. പിന്നീട് 1135 ൽ അൽ മുറാദ് വംശത്തിലെ അമീർ അലി ഇബ്നു യൂസഫ് ഇത് വീണ്ടും വിപുലപ്പെടുത്തി.

ആരാധനക്കൊപ്പം മതപരവും ലൗകികവുമായ വിദ്യാഭ്യാസത്തിനും രാഷ്ട്രീയ- സാംസ്കാരിക ചർച്ച കൾക്കും ഈ പള്ളി വേദിയായി. ഖുർആനും ഫിഖ്ഹും കൂടാതെ ഭൗതികശാസ്ത്രവും, രസതന്ത്രവും, വൃത്തശാസ്ത്രവും, ജോതിഷവുമൊക്കെ അവിടത്തെ പാഠ്യപദ്ധതിയിലുൾപ്പെട്ടു. ഈ കലാലയത്തിന്റെ ഉയർന്ന നിലവാരം മുസ്‌ലിം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിജ്ഞാനദാഹികളെ അങ്ങോട്ട് ആകർഷിച്ചു.

യൂറോപ്യൻ ജനതയും അറബ് ലോകവും തമ്മിലുള്ള സാംസ്കാരിക കൈമാറ്റങ്ങൾക്ക് ഈ യൂണിവേഴ്സിറ്റി വേദിയായിത്തീർന്നു. ഇബ്നുൽ ഖൽദൂൻ, ഇബ്നു അൽ അറബി മുതലായവരെ കൂടാതെ പോപ്പ് സിൽവസ്റ്റർ രണ്ടാമൻ എന്ന പേരിൽ അറിയപ്പെടുന്ന ഗിബർട്ട് (930- 1003) അടക്കം ഒട്ടേറെ ക്രിസ്തു മതമേധാവികളും ഈ സർവ്വകലാശാലക്കു കീഴിൽ പഠനം നടത്തിയിരുന്നു.

1912-ൽ മൊറോക്കോ ഫ്രഞ്ചുകാരുടെ അധീനതയിലായപ്പോൾ യൂണിവേഴ്സിറ്റിയുടെ മതപഠനത്തിന് ഒട്ടേറെ വ്യതിയാനങ്ങൾ വരുത്തിയെങ്കിലും 1947 വരെ നിലനിന്ന അവരുടെ ഭരണത്തിൽ പരമ്പര്യാധിഷ്ഠിത പഠനം മുഴുവൻ തുടച്ചു മാറ്റപ്പെട്ടില്ല.

1947-ൽ സർക്കാറിന്റെ ഉടമസ്ഥതയിലേക്ക് ഈ യൂണിവേഴ്സിറ്റി മാറി. 1979-ൽ ആധുനിക പാഠ്യപദ്ധതിയനുസരിച്ച് ഇതിന്റെ സിലബസ്സിൽ മാറ്റം വന്നു. 1988-ൽ ഹസ്സൻ രണ്ടാമന്റെ കീഴിൽ വീണ്ടും പാരമ്പര്യാധിഷ്ഠിത ഇസ്‌ലാമിക സിലബസ് പുനാരാരംഭിച്ചു. വിജ്ഞാനദാഹികളെയും വിനോദ സഞ്ചാരികളെയും നിത്യം ആകർഷിച്ചുകൊണ്ട് വിജ്ഞാനത്തിന്റെ അക്ഷയനിധികളിലൊന്നായി ഫാത്തിമ ഫിഹ്‌രിയുടെ ഖർവിയ്യീൻ യൂണിവേഴ്സിററി ഫാസ് നഗരത്തിൽ ഇന്നും പരിലസിക്കുന്നു.

ഇബ്നുൽ അറബി, ഇബ്നു ഖൽദൂൻ, ഇബ്നു റുഷ്ദ് മുതലായവരുടെ ലോകത്തെ മാറ്റിതീർത്ത ഗ്രന്ഥങ്ങളുടെ കൈയെഴുത്ത് പ്രതികൾ ഇവിടുത്തെ ലൈബ്രറിയിൽ ഇപ്പോഴും സൂക്ഷിക്കപ്പെടുന്നു.

• അബു ലവാസിയ



ലൈബ്രറിയിലെ 9ാം നൂറ്റാണ്ടിലെ കൂഫി ലിപിയിലുള്ള ഖുർആൻ